ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 21.06.2024**

## പ്രധാനവാർത്തകൾ

1). ഇന്ന് പത്താമത് അന്താരാഷ്ട്ര യോഗാ ദിനം. രാജ്യമെങ്ങും വിപുലമായ പരിപാടികൾ. യോഗ എല്ലാവരും ദിനചര്യയുടെ ഭാഗമാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2). കേരളത്തിലും വിപുലമായ യോഗദിന പരിപാടികൾ. പതിനായിരം ആയുഷ് ക്ലബ്ബുകൾ കൂടി ആരംഭിക്കുമെന്ന് മന്ത്രി വീണാ ജോർജ് ; വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് യോഗ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ടെന്ന് കേന്ദ്രമന്ത്രി സുരേഷ് ഗോപി.

3). വിനോദസഞ്ചാര മേഖലയിലെ നിർമ്മാണങ്ങൾക്ക് തീരദേശ പരിപാലന നിയമത്തിൽ ഇളവ് നൽകുന്നത് പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4). ഭൂപതിവ് ചട്ട ഭേദഗതി ഉടൻ കൊണ്ടുവരുമെന്ന് മന്ത്രി കെ രാജൻ ; കൈയ്യേറ്റം ഒഴിപ്പിക്കാൻ മൂന്നാറിൽ സ്പെഷ്യൽ ഓഫീസറെ ഉടൻ തീരുമാനിക്കും.

5). വള്ളം കളി മത്സരങ്ങൾക്ക് തുടക്കം കുറിക്കുന്ന ചമ്പക്കുളം മൂലം ജലോത്സവം നാളെ.

6). സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യത. മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

==========================================

RNU TVPM

## പ്രധാനമന്ത്രി - യോഗാ ദിനം

പത്താമത് അന്താരാഷ്ട്ര യോഗാ ദിനം ഇന്ന് രാജ്യമെമ്പാടും ആഘോഷിക്കുന്നു. ജമ്മു കശ്മീരിലെ ശ്രീനഗറിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി യോഗാദിനാചരണത്തിന് നേതൃത്വം നൽകി. എല്ലാവരും ദിനചര്യയുടെ ഭാഗമായി യോഗ മാറ്റണമെന്ന് അദ്ദേഹം അഭ്യർഥിച്ചു. യോഗാഭ്യാസ പരിപാടിയിലും പ്രധാനമന്ത്രി പങ്കെടുത്തു.

=========================================

## യോഗ-ദേശീയം

ജമ്മുകശ്മീരിലെ ആർ എസ് പുര സെക്ടറിലെ അന്താരാഷ്ട്ര അതിർത്തിയിൽ ബിഎസ്എഫ് ഉദ്യോഗസ്ഥരും ജവാന്മാരും യോഗ അഭ്യാസങ്ങൾ നടത്തി. വ്യോമസേനയുടെ യുദ്ധവിമാനങ്ങളിലും യോഗാഭ്യാസ പ്രകടനം നടന്നു. വിവിധ സംസ്ഥാനങ്ങളിൽ ഗവർണർമാരും കേന്ദ്രമന്ത്രിമാരും മുഖ്യമന്ത്രിമാരും പരിപാടികളിൽ പങ്കെടുത്തു. ന്യൂയോർക്കിലെ ടൈം സ്ക്വയറിൽ നടന്ന യോഗ ദിന പരിപാടികളിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള 10,000-ത്തിലേറെ പേർ പങ്കെടുത്തു.

=========================================

## യോഗാദിനം - വീണാ ജോർജ്

കേരളത്തിൽ ആയുഷ് വകുപ്പിൻറെയും നാഷണൽ ആയുഷ് മിഷൻ കേരളയുടെയും ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര യോഗ ദിനാചരണം മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. പതിനായിരം ആയുഷ് യോഗ ക്ലബ്ബുകൾ കൂടി കേരളത്തിൽ ആരംഭിക്കുമെന്ന് മന്ത്രി പറഞ്ഞു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തി ലാണ് പരിപാടി നടന്നത്. .

=========================================

## രാജ്യാന്തര യോഗാദിനാഘോഷം

രാജ്യാന്തര യോഗ ദിനാഘോഷത്തിൻറെ ഭാഗമായി കേരള രാജ് ഭവനിൽ നടന്ന യോഗ സെഷൻ ഗവർണറുടെ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ ദേവേന്ദ്രകുമാർ ധോദാവത് നയിച്ചു. ഇഷ ഫൗണ്ടേഷനിലെ എസ് എസ് വിഷ്ണുവിന്റെ മാർഗനിർദേശത്തിൽ ആയിരുന്നു യോഗ സെഷൻ.

RIJUTVPM

========================================

## യോഗാദിനം - സുരേഷ് ഗോപി

കേന്ദ്ര ടൂറിസം മന്ത്രാലയം കോവളത്തെ, കേരള ആർട്ട് ആൻറ് ക്രാഫ്റ്റ്സ് വില്ലേജിൽ സംഘടിപ്പിച്ച യോഗാഭ്യാസ പരിപാടി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. ലോകത്തിന് യോഗ എന്ന മഹത്തായ അറിവ് നല്കിയത് ഇന്ത്യയാണെന്നും വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് യോഗ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ടൂറിസം മന്ത്രാലയം ദക്ഷിണ മേഖല ഡയറക്ടർ ഡി വെങ്കടേശൻ , പ്രസ് ഇൻഫർമേഷൻ ബ്യൂറോ എഡിജി, വി പളനിച്ചാമി തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

========================================

## പത്തനംതിട്ട - (ഇൻട്രോ)

പത്തനംതിട്ട റാന്നി വെൺകുറിഞ്ഞി എസ്.എൻ.ഡി.പി ഹയർസെക്കൻ്ററി സ്കൂളിലെ കുട്ടികൾക്ക് യോഗ എന്നാൽ ആരോഗ്യപരമായ ജീവിതചര്യ മാത്രമല്ല, മറിച്ച് ദേശീയ അന്തർദേശീയ തലത്തിൽ യോഗയിലൂടെ തങ്ങളുടെ കഴിവുകൾ ലോകത്തിനു മുന്നിലെത്തിക്കാനുള്ള ഒരു മാർഗം കൂടിയാണ്.

വിശദാംശങ്ങളുമായി ആകാശവാണി
പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....
(വോയിസ്..............)

RNU TVPM

========================================

## യോഗ - സംസ്ഥാനം

പാലക്കാട് കല്ലേക്കാട് വ്യാസ വിദ്യാപീഠം ഭാരതീയ വിദ്യാനികേതൻ സ്കൂളിൽ യോഗ ദിനാഘോഷങ്ങൾ സംഘടിപ്പിച്ചു. വിദ്യാർഥികളുടെ യോഗാഭ്യാസ പ്രകടനം ഉണ്ടായിരുന്നു. ചടങ്ങിൽ ലോക സംഗീത ദിനാഘോഷ പരിപാടികളും അരങ്ങേറി. കാസർകോട്ട് കേന്ദ്രീയ വിദ്യാലയ രണ്ടിൽ യോഗദിനാചരണം കളക്ടർ കെ. ഇമ്പശേഖർ ഉദ്ഘാടനംചെയ്തു. വയനാട്ടിലെ സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻറെ നേതൃത്വത്തിൽ നടന്ന യോഗദിന പരിപാടി മാനന്തവാടി മുനിസിപ്പൽ ചെയർ പെഴസൺ സി. കെ. രത്നവല്ലി ഉദ്ഘാടനം ചെയ്തു. ഇരുനൂറോളം

വിദ്യാർത്ഥികളും പൊതുജനങ്ങളും പങ്കെടുത്തു. അന്താരാഷ്ട്ര യോഗദിനവുമായി ബന്ധപ്പെട്ട് ബിജെപി പാലക്കാട് ജില്ലാ കേന്ദ്രത്തിൽ നടന്ന പരിപാടി , ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. തൃശൂരിൽ ബിജെപി ജില്ലാ ആസ്ഥാനത്ത് ജില്ലാ പ്രസിഡൻറ് കെ കെ അനീഷ് കുമാറിന്റെ നേതൃത്വത്തിൽ യോഗ ദിനം ആഘോഷിച്ചു.

=========================================

## മുഖ്യമന്ത്രി നിയമസഭ - (ഇൻട്രോ)

തീരദേശ പരിപാലന നിയമവുമായി ബന്ധപ്പെട്ട്
വിനോദ സഞ്ചാര മേഖലയിലെ നിർമ്മാണങ്ങൾക്ക്
അനുമതി ലഭിക്കുന്നതനുസരിച്ച് ഇളവ് നൽകുന്ന കാര്യം
പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
നിയമസഭയിൽ ചോദ്യോത്തര വേളയിൽ അറിയിച്ചു.

(വോയ്സ്...................)

അവയവക്കടത്തുമായി ബന്ധപ്പെട്ട കേസുകളിൽ പോലീസ് അന്വേഷണം പുരോഗമിക്കുന്നതായും മുഖ്യമന്ത്രി അറിയിച്ചു.

=========================================

## നിയമസഭ - ചോദ്യോത്തരവേള

സംസ്ഥാനത്ത് അവയവ ദാനവുമായി ബന്ധപ്പെട്ട് ശക്തമായ
നിരീക്ഷണം നടത്തി വരുന്നുവെന്ന് മന്ത്രി
വീണ ജോർജ് നിയമസഭയിൽ ചോദ്യോത്തരവേളയിൽ

പറഞ്ഞു. അവയവദാനത്തിൽ ഇടനിലക്കാരെ സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടില്ല. മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയെങ്കിലും ഇതുവരെ പിഴവ് കണ്ടെത്തിയിട്ടില്ലെന്നും മന്ത്രി പറഞ്ഞു.

=========================================

## കെ രാജൻ

ഭൂ പതിവ് ചട്ട ഭേദഗതി ഉടൻ കൊണ്ടുവരുമെന്ന് റവന്യൂ മന്ത്രി
കെ. രാജൻ. നിയമസഭ സമ്മേളനം കഴിഞ്ഞ ഉടനെ ഇതിന്റെ
നടപടികളിലേക്ക് കടക്കും. കയ്യേറ്റം ഒഴിപ്പിക്കുന്നതിൽ സർക്കാരിന് മറ്റു

RNU TVPM

താൽപര്യങ്ങൾ ഇല്ല. മൂന്നാറിൽ സ്പെഷ്യൽ ഓഫീസറെ ഉടൻ തീരുമാനിക്കും. ടൂറിസത്തിന്റെ മറവിൽ ഉള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

========================================

## ക്രിമിനൽ നിയമം

രാജ്യത്ത് പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങൾ ജൂലൈ ഒന്നിന് പ്രാബല്യത്തിൽ വരികയാണ്. ഇതേക്കുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം തയാറാക്കിയ പ്രത്യേക ചർച്ച ജൂൺ 23 ഞായറാഴ്ച്ച രാത്രി 8:15ന് പ്രക്ഷേപണം ചെയ്യും.

========================================

## സംസ്ഥാനം - കാലാവസ്ഥ

കേരളത്തിൽ കാലവർഷം ശക്തമായി. കാറ്റ് ശക്തമാകാൻ സാധ്യതയുള്ളതിനാൽ ഇന്നുമുതൽ അതിശക്ത മഴ ലഭിക്കുമെന്നാണ് പ്രവചനം. മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകി.
തിങ്കൾ വരെ കേരളം, കർണ്ണാടകം, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിക്കാൻ പോകരുത്. ശക്തമായ തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ട്.

RNU TVPM

========================================

## ചമ്പക്കുളം മൂലം വള്ളം കളി -(ഇൻട്രോ)

വള്ളംകളി മത്സരങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ടുള്ള ചമ്പക്കുളം മൂലം ജലോത്സവം നാളെ ചമ്പക്കുളത്ത് പമ്പയാറ്റിൽ നടക്കും. 6 ചുണ്ടൻ വള്ളങ്ങൾ, 2 വെപ്പ് ബി ഗ്രേഡ് വള്ളങ്ങൾ എന്നിവയുൾപ്പെടെ 8 വള്ളങ്ങളാണ് ഇക്കുറി പങ്കെടുക്കുക. മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി
ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ...

(വോയിസ്.......)

========================================

## എം.ജി സാഹിത്യോത്സവം

എം. ജി. സർവകലാശാലാ സ്റ്റുഡന്റ്സ് യൂണിയൻറെ നേതൃത്വത്തിൽ നടത്തുന്ന സാഹിത്യോത്സവത്തിന് ഇന്ന് തുടക്കമാകും. എറണാകുളം മഹാരാജാസ് കോളജിലെയും ലോ കോളജിലെയും നാല് വേദികളിലായി നടക്കുന്ന സാഹിത്യോത്സവം വൈകിട്ട് പ്രഫ. എം. കെ. സാനുവും

ഡോ. എം ലീലാവതിയും ചേർന്ന് ഉദ്ഘാടനം ചെയ്യും.

=========================================

## വയലാർ - സ്മരണാഞ്ജലി

വയലാർ രാമവർമ സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ സ്മരണാഞ്ജലി ആയി നൽകുന്ന സംഗീത രത്ന പുരസ്കാരം യശശരീരനായ പ്രശസ്ത സംഗീതജ്ഞൻ ആലപ്പുഴ ശ്രീകുമാറിന്. ലോക സംഗീത ദിനമായ ഇന്ന് അദ്ദേഹത്തിന്റെ വസതി ആയ മേടയിൽ വീട്ടിൽ വെച്ച് അദ്ദേഹത്തിന്റെ പ്രിയ പത്നി ഡോ.കമലാ ലക്ഷ്മിക്ക് പുരസ്കാരം നൽകും. രാഷ്ട്രീയ സാഹിത്യ സംഗീത രംഗത്തെ പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും.

RNU TVPM

=========================================

## 1500 കോടി കടമെടുക്കും

സംസ്ഥാനത്തിൻറെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ 1,500 കോടിയുടെ കടപ്പത്രം പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ലേലം ചൊവ്വാഴ്ച റിസർവ് ബാങ്കിൻറെ മുംബൈ ഫോർട്ട് ഓഫീസിൽ ഇകുബേർ സംവിധാനം വഴി നടക്കും.

=========================================

## എസ്.എസ്.എൽ.സി - സേ ഫലം

എസ്.എസ്.എൽ.സി യിൽ 1066 വിദ്യാർത്ഥികളുടെയും ടി.എച്ച്.എസ്.എൽ.സി യിൽ നാല് പേരുടേയും സേ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. സേ ഫലം കൂടി പരിഗണിക്കുമ്പോൾ എസ്.എസ്.എൽ.സി യ്ക്ക് 99.96 ആണ് ഈ വർഷത്തെ വിജയശതമാനം.

=========================================

## <u>എൻ.എൻ.എസ് -ബജറ്റ്</u>

നായർ സർവ്വീസ് സൊസൈറ്റിയുടെ ബജറ്റ് സമ്മേളനം നാളെ നടക്കും. പെരുന്ന എൻഎസ്എസ് ആസ്ഥാനത്തുള്ള പ്രതിനിധി സഭാമന്ദിരത്തിലാണ് സമ്മേളനം. ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ ബജറ്റ് അവതരിപ്പിക്കും.

=========================================

## <u>അന്തരിച്ചു</u>

തൃശൂർ ആകാശവാണിയിൽ അക്കൗണ്ടന്റ് ആയിരുന്ന പി.വിശ്വനാഥൻ നായർ നിര്യാതനായി. 82 വയസായിരുന്നു. സംസ്കാരം ഉച്ചകഴിഞ്ഞ് 2 ന് തൃശൂർ പാറമേക്കാവ് ശാന്തിഘട്ടിൽ നടത്തും.

=========================================

## <u>പൈനാവ് - മരണം</u>

മരുമകൻ  പെട്രോൾ ഒഴിച്ച് തീ കൊളുത്തിയതിനെ തുടർന്ന് ചികിൽസയിലിരുന്ന ഇടുക്കി പൈനാവ് സ്വദേശി അന്നക്കുട്ടി തമ്പി മരിച്ചു.കോട്ടയം മെഡിക്കൽ കോളേജിൽ ഇന്ന് പുലർച്ചേയായിരുന്നു അന്ത്യം. പ്രതി സന്തോഷ് പോലീസിൻ്റ കസ്റ്റഡിയിലാണ്.

RNUTVPM

=========================================

## <u>വാഹനാപകടം-മരണം</u>

കാഞ്ഞിരപ്പള്ളി എരുമേലി റോഡിൽ 26-ാം  മൈലിന് സമീപം വാഹനാപകടത്തിൽ വിദ്യാർത്ഥി മരിച്ചു. അമൽ ജ്യോതി എൻജിനീയറിങ് കോളജ് വിദ്യാർത്ഥി അമൽ ഷാജിയാണ് മരിച്ചത്. ഇടുക്കി പെരുവന്താനം സ്വദേശിയായ വിദ്യാർത്ഥി കോളജിലേക്ക് പോകും വഴിയായിരുന്നു അപകടം.

=========================================

=========================================